**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ...ഓർഡർ...... ഇന്ത്യൻ ഭരണഘടനയിൽ അനുച്ഛേദം 207(3) അനുസരിച്ചുള്ള ഗവർണ്ണറുടെ ശിപാർശ ലഭ്യമായിട്ടില്ലെന്നും, ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം ചട്ടം 73 പ്രകാരമുള്ളതല്ലെന്നു മാണ് ശ്രീ. കെ.എം. മാണി ഉന്നയിച്ച പ്രധാന തടസ്സ വാദങ്ങൾ. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

2017-ലെ കേരള ചരക്ക സേവന നികുതി ബിൽ സംബന്ധിച്ച അനുച്ഛേദം 207(1) പ്രകാരം ഗവർണ്ണറുടെ അനുമതി ലഭിച്ച കാര്യം 2-8-2017-ലെ ബുള്ളറ്റിൻ ഭാഗം 2, നമ്പർ 286 പ്രകാരം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ നിയമമായാൽ സഞ്ചിത നിധിയിൽ നിന്നും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ലെന്നാണ് വിലയിരുത്തപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കി പുതിയ നിയമനങ്ങൾ ഉദ്ദേശിക്കുന്നില്ല, ഡിപ്ലോയ്മെന്റ് മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ എന്ന്. അക്കാര്യമാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമാണെന്ന് കാണുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിച്ചിരിക്കുന്നു.